# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1807 | 14.08.2017-ൽ മറുപടിയ്ക്ക്

### ടോമിൻ തച്ചങ്കരിക്കെതിരായ വിജിലൻസ് കേസ്

| | ചോദ്യം<br>ശ്രീ.അനിൽ അക്കര | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | അഴിമതി നിരോധന നിയമപ്രകാരം എ.ഡി.ജി.പി. ടോമിൻ തച്ചങ്കരിക്കെതിരെ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; | സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഗുരുതരമായ ആരോപണങ്ങളിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥനെ പോലീസ് ആസ്ഥാനത്ത് ഉന്നതപദവി യിൽ നിയമിക്കുവാനുണ്ടായ സാഹചര്യ മെന്തായിരുന്നുവെന്ന് വിശദമാക്കാമോ; | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുള്ള എ.ഡി.ജി.പി യ്ക്ക് പുറമെ മറ്റൊരു എ.ഡി.ജി.പി തസ്തിക കൂടി പുതുതായി സൃഷ്ടിക്കണമെന്നും ഈ തസ്തികയിലേക്ക് പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി ആയ ശ്രീ.അനിൽ കാന്ത് ഐ.പി.എസ് നെ നിയമിക്കണമെന്നും വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്ത സാഹചര്യത്തിൽ ശ്രീ.അനിൽകാന്ത് ഐ.പി.എസ്.നെ വിജിലൻസ് ആസ്ഥാനത്ത് പുതുതായി സൃഷ്ടിച്ച എക്സ് കേഡർ തസ്തികയിൽ നിയമിക്കുകയുണ്ടായി. ഇത് വഴി പോലീസ് ആസ്ഥാനത്ത് ഉണ്ടായ ഒഴിവ് നികത്തുന്നതിനായാണ് ശ്രീ.ടോമിൻ. ജെ.തച്ചങ്കരിയെ എ.ഡി.ജി.പി (ഹെഡ്ക്വാർട്ടേഴ്സ്) ആയി നിയമനം നടത്തിയത്. |
| (സി) | ടോമിൻ തച്ചങ്കരിയെ എന്തുകൊണ്ട് സസ്പെന്റ് ചെയ്യുന്നില്ല എന്ന 11.7.17 ലെ കേരള ഹൈക്കോടതിയുടെ വാക്കാലുള്ള പരാമർശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതുപ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ശ്രീ.ടോമിൻ ജെ.തച്ചങ്കരി ഐ.പി.എസിനെ സസ്പെന്റ് ചെയ്യേണ്ട സാഹചര്യം ഉണ്ടായിരുന്നില്ലെന്ന് ബഹു.ഹൈക്കോടതിയിൽ സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ 'റ്റി' സെക്ഷനിൽ നിന്നും തച്ചങ്കരിക്കെതിരെയുള്ള കേസുകളെ സംബന്ധിക്കുന്ന രഹസ്യ ഫയലുകൾ നഷ്ടപ്പെട്ടുവെന്ന് മുൻ സംസ്ഥാന പോലീസ് മേധാവി പരാതി നൽകിയിരുന്നോ; | പോലീസ് ആസ്ഥാനത്തെ 'റ്റി' സെക്ഷനിൽ നിന്നും ശ്രീ.ടോമിൻ ജെ.തച്ചങ്കരിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ സംബന്ധിച്ച ഫയലുകളുടെ പകർപ്പുകൾ ടിയാൻ എടുത്തിരുന്നുവെന്ന വിവരം അറിയാൻ കഴിഞ്ഞിരുന്നു എന്നുള്ളതാണ് അന്നത്തെ പോലീസ് മേധാവിയായിരുന്ന ശ്രീ.ടി.പി. സെൻകുമാർ ശ്രീ.തച്ചങ്കരിക്കെതിരെ സർക്കാരിനു നൽകിയ പരാതിയിൽ ബോധിപ്പിച്ചത്. |

| | | |
|---|---|---|
| (ഇ) | പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയോയെന്നും എങ്കിൽ പ്രസ്തുത പരാതി വസ്തുതാപരമാണോയെന്നും വ്യക്തമാക്കുമോ? | പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം പോലീസ് ആസ്ഥാനത്തെ എ.ഐ.ജിയും മാനേജരും പോലീസ് ആസ്ഥാനത്തെ 'റ്റി' സെക്ഷനിലെ ഫയലുകൾ സംബന്ധിച്ച് സീറ്റടിസ്ഥാനത്തിൽ വിശദമായ ഓഡിറ്റ് നടത്തി പ്രസ്തുത സെക്ഷനിൽ നിന്നും ഫയലുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ